Reg. No. : ..................................

Name : ..................................

September 2012

402

# First Year Higher Secondary Improvement Examination

Part – II

മലയാളം

MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. ചോദ്യാവലി തയാറാക്കുക.

   'കുറ്റിപ്പുറം പാലം' എന്ന കവിതയുമായി ബന്ധപ്പെട്ട് എം.ടി.യുമായി നിങ്ങൾ ഒരു അഭിമുഖം നടത്തുകയാണെന്നിരിക്കട്ടെ. അതിനു വേണ്ട ആറു ചോദ്യങ്ങൾ തയ്യാറാക്കുക. **(സ്കോർ : 6)**

2. താരതമ്യം ചെയ്ത് വിശകലനക്കുറിപ്പെഴുതുക.

   അത്രമേൽ തീക്ഷ്ണങ്ങളാം
   നാവുകളത്രേ പിന്നെ
   മിഠായിപ്പൊതിക്കായി –
   പ്പണയം വച്ചൂ നമ്മൾ.

   വെറുതേ മധുരിക്കും
   രാസമാധുര്യത്തിന്നായ്
   പകരം കൊടുത്തതീ
   ദിവ്യമാം രസവിദ്യ

   (മാമ്പഴക്കാലം)

ഒലിച്ചു പടരുന്ന പൈപ്പ് വെള്ളത്തിൽ
ചുണ്ടുമുക്കി
ചിറകു നനച്ച് വിരുത്തിക്കുടഞ്ഞ്
ഒരു കുരുവി

പൈപ്പ് വെള്ളത്തെ
പഴയ കാട്ടരുവിയുടെ
തുടർച്ചയാക്കുന്നു.

പട്ടണക്കുഴലുകളിൽ നിന്ന്
എച്ചിലായി ഞാൻ
നാട്ടിൽ തിരിച്ചെത്തുമ്പോൾ
ഓർമ്മ
എന്നെ കൊത്തിച്ചികയുന്നതു പോലെ
എന്നെ വ്യാപിപ്പിക്കുന്നതു പോലെ

(തുടർച്ച
കെ.ജി. ശങ്കരപ്പിള്ള)

നഷ്ടപ്പെടുത്തിയ ഒരു നല്ലകാലത്തെപ്പറ്റിയുള്ള വേദന മേൽപ്പറഞ്ഞ രണ്ടു കവിതകളും എങ്ങനെയെല്ലാം അടയാളപ്പെടുത്തുന്നു ? അവയിലെ സാമൂഹിക വീക്ഷണം താരതമ്യം ചെയ്ത് വിശകലനക്കുറിപ്പെഴുതുക. **(ഒന്നരപ്പുറം – സ്കോർ : 8)**

3. സ്വാഭിപ്രായം സമർത്ഥിക്കുക.

ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ –
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാൻമാരെൻ ഗുരുവിൻ നികടത്തി –
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ !

(എന്റെ ഗുരുനാഥൻ
– വള്ളത്തോൾ)

ഗാന്ധിയെപ്പറ്റിയുള്ള ഒരു കാവ്യഭാഗമാണിത്. ഇതിനെ വരയ്ക്കാൻ ശ്രമിക്കുന്ന ഒരു ചിത്രകാരൻ നേരിടുന്ന പ്രതിബന്ധങ്ങളെന്തൊക്കെയാവാം. എം. പി. പോളിന്റെ 'ചിത്രകലയും കാവ്യകലയും' എന്ന ലേഖനത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക. **(ഒരുപുറം – സ്കോർ : 6)**

LSKOLLAM.COM

4. ആമുഖപ്രഭാഷണം തയാറാക്കുക.

സി. എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി' സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. നാടകാവതരണത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്ന ഒരു ആമുഖ പ്രഭാഷണം തയ്യാറാക്കുക. **(ഒന്നരപ്പുറം – സ്കോർ : 8)**

5. വാർത്ത എഡിറ്റ് ചെയ്യുക.

താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്ന് ആവശ്യമായവ ഉപയോഗിച്ചുകൊണ്ട്, ആകർഷകമായ തലക്കെട്ടോടെ മലയാളത്തിൽ ഒരു വാർത്ത രൂപപ്പെടുത്തുക.

O.N.V. Kurup, one of Kerala's best loved poets, has been recognized with the country's highest literary award, Janapith Award, for 2007. He is the second Malayalam poet to win the prestigious award.

<u>List of important books by O.N.V.</u> : Daahikkunna Paanapathram (1956), Mayilppeeli (1964), Agnisalabhangal (1971), Aksharam (1974), Karuthapakshiyude paattu (1977), Uppu (1980), Bhoomikku Oru Charamageetham (1984), Mrigaya (1990), Ujjayini (1994), Valappottukal (Children's literature) ; Kavithayile Samanthara Rekhakal, Ezhuthachen – Oru padanam, Padheyam, Pushkin Swathanthryathinte Duranthagadha (Prose Collections)

In addition to the valuable contribution he had given to the Malayalam literature, he is one of the leading lyricists in Malayalam Film/Play/Album industry. Kalam Marunna (1956) was his first film, which was also the first film by the famous composer G. Devarajan. Since then he has been active in film till date and was honoured with one national award and thirteen state awards (the most by a Malayalee). He has penned for 900 songs in about 232 films and numerous songs for plays and albums.

<u>Awards, Recognitions and other notable positions held.</u>

Padma Sri (1998), Vayalar Award for 'Uppu' (1982), Kerala Sahithya Academy Award (1971) for 'Agni Salabhangal' Kendra Sahithya Academy Award (1975) for 'Aksharam'. Honorary Doctorate by University of Kerala (2007). Ezhuthachan Award (2008)........

was, the Executive member of sahithya Academy, Delhi from 1982-86.
Chairman, Kerala Kalamandalam (1996), Fellow of the Kerala Sahitya Academy (1999)

**(ഒരുപുറം – സ്കോർ : 8)**

6. മാനകഭാഷയിലേക്കു മാറ്റുക.

''ഏത് തെണ്ടീന്ണ്ടാ അവടെ ? ദയിര്യണ്ടങ്ങ്യ വാടാ. ഇത് കോക്കാഞ്ചറ മറിയണ് ! എന്റെ ക്ടാവിനെ പേടിപ്പിച്ചാല്ണ്ടല്ലാ. നിന്നെ ഞാൻ എത്തിയ്ക്കണ്ടോടത്താ എത്തിക്കും !''

**(സ്കോർ : 2)**

7. പത്രാധിപർക്കുള്ള കത്ത് തയാറാക്കുക.

നിങ്ങളുടെ മൊബൈൽ ഫോണിലേക്ക് അജ്ഞാത സന്ദേശങ്ങളായി വന്ന ടിന്റുമോൻ തമാശകളാണ് താഴെ കൊടുത്തിരിക്കുന്നത്. അത്തരം സന്ദേശങ്ങൾ വ്യാപകമാവുന്നതിനെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം പത്രാധിപർക്കുള്ള ഒരു കത്തിന്റെ രൂപത്തിൽ എഴുതുക.

1) ചിഞ്ചുമോൾ : കടലിന്റെ നടുക്ക് ഒരു മാവ് ഉണ്ടെങ്കിൽ, അതിൽ നിന്നും എങ്ങനെ ഒരു മാങ്ങ പറിക്കാം ?

ടിന്റുമോൻ : ഒരു കിളിയെപ്പോലെ പറന്നുപോയി പറിക്കാം.

ചിഞ്ചുമോൾ : കിളിയായി നിന്റെ അച്ഛൻ പറക്കുമോടാ ?

ടിന്റുമോൻ : കടലിന്റെ നടുക്ക് നിന്റെ തള്ള കൊണ്ടുപോയി മാവു നടുമോടീ ???

CSKOLLAM

2) ടിന്റുമോൻ ട്യൂഷൻക്ലാസ്സിൽ

സർ : ഇന്നെന്താ ഹോംവർക്ക് ചെയ്യാതിരുന്നത് ?

ടിന്റു : കറന്റ് ഇല്ല സർ.

സർ : മെഴുകു തിരിയില്ലേ ?

ടിന്റു : തീപ്പെട്ടി പൂജാമുറിയിലായിരുന്നു.

സർ : എന്താ അതുപോയി എടുത്താൽ

ടിന്റു : അതല്ലേടാ പൊട്ടാ പറഞ്ഞത് കറന്റില്ലായിരുന്നൂന്ന്.

**(ഒരുപുറം – സ്കോർ : 6)**

8. അപഗ്രഥിച്ചെഴുതുക.

താഴെക്കൊടുത്തിരിക്കുന്ന വരികൾ അറബിമലയാളത്തിൽ ഉൾപ്പെടുത്താവുന്നതാണോ എന്നു പരിശോധിക്കുക.

കുന്നും മലയും കേറിക്കീഞ്ഞ് പെനമ്പ് ഞെരുക്കം
വന്നൊരു സുന്ദരി ലാവണന്റെ പെങ്ങള്ളമ്മാ
പൊന്നു പെരുത്തൊരു പാതാളത്തിലെ സുൽത്താനൊറെ
മിന്നും പൊൻമണി കൻമണി ബീവി ശൂർപ്പണഹ
കാലക്കേടിനലാക്കിനു സുൽത്താൻ മയ്യത്തായി.
ശീലം കെട്ടോർക്കിന്നും വേണം മാപ്പളയൊന്ന്
ആങ്ങളലാവണ ലാജാവോട് സംഗതി ചൊല്ലി
പെങ്ങള് കണ്ടാൽ സമ്മതമാണെന്നവരും ചൊല്ലി
പെറ്റകണക്കിന് കാലം കൂട്ട്യാലയിമ്പത്താറ്
മുട്ട് കണക്കിന് കാലം കൂട്ട്യാലയിമ്പത്താറ്
ഒറ്റക്കൊറ്റ വെള്ളത്ത് നരച്ച തലയിലെ ലോമം
കട്ടക്കരിയും തേനും ചേർത്ത് കറപ്പിക്കന്ന്
പറ്റേ വീട്ടിലെ പാത്തുമ്മാനെ തേടിവരുത്തി
ഒത്തൊരു കൂലി പറഞ്ഞ് തലയോ മുപ്പിരികൂട്ടി
പണ്ടേ മൂത്ത് മണ്ണടിഞ്ഞ മൂത്തമ്മാന്റെ
കുണ്ടാമണ്ടിപ്പെട്ടി തുറന്ന് പൊന്ന് വാരി
പൊട്ടക്കിണറ് കണക്കുകുഴിഞ്ഞ വട്ടക്കണ്ണ്
ചുറ്റിനുമഞ്ചനമിട്ട് നല്ലൊരു കൽത്തറകെട്ടി

(ശൂർപ്പണഖാ തിരുപുറപ്പാട്
മാപ്പിള രാമായണം
സമ്പാ : ടി. എച്ച് കുഞ്ഞിരാമൻ നമ്പ്യാർ)

**(ഒരുപുറം – സ്കോർ : 8)**

9. സങ്കല്പം വിശദീകരിക്കുക.

നിങ്ങളുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങുന്ന സ്കൂൾ മാഗസിനിൽ 'പ്ലാസ്റ്റിക്' എന്ന കഥ ഉൾപ്പെടുത്തുകയാണെന്നിരിക്കട്ടെ. ആ കഥയെപ്പറ്റി വരച്ചു ചേർക്കേണ്ട ചിത്രത്തെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പം ചിത്രകാരനോടു വിശദീകരിക്കുന്നു. അവ ചുരുക്കി എഴുതുക. **(അരപ്പുറം – സ്കോർ : 6)**

10. രചനാതന്ത്രം വിശദീകരിക്കുക.

'അവാസ്തവമായ ഒരു ലോകത്ത് എങ്ങനെയോ എത്തിപ്പെട്ടതുപോലെ അയാൾ അമ്പരന്നു'.

ഒരു ചെറുകഥ രൂപപ്പെടുന്നതിന്റെ രചനാതന്ത്രം 'മായാമയ'നിലെ ഈ വാക്യത്തെ മുൻ നിർത്തി വിശദീകരിക്കുക.

**സൂചന : 'ഒരു കഥയുടെ കാണാപ്പുറം തേടി'** CSKOLLAM

ഒരു തരം ഉൻമാദത്തിലേക്ക് വഴുതിവീഴുന്ന ഒരു മനുഷ്യന്റെ ചിത്രീകരണമാണ് കഥ (മായാമയൻ) ലളിതമാണ്. എൻഗേജ്ഡ് ഫോണിൽ സംസാരിക്കുന്നത് ഒഴികെയുള്ള എല്ലാ ദൃശ്യങ്ങളും യഥാർത്ഥപ്രതീതി ഉണ്ടാക്കുന്നവയാണ്. ഓരോ ദൃശ്യത്തിനും ആദിമധ്യാന്തപ്പൊരുത്തവുമുണ്ട്. പക്ഷേ, കഥയ്ക്കാകെ അയഥാർത്ഥ തലം വാർന്നു വീഴുന്നു. യാഥാർത്ഥ്യത്തെ കൂടുതൽ യഥാർത്ഥമാക്കുകയാണ് കാഥികൻ. സാധാരണാനുഭവങ്ങളാണ് കഥയിൽ. അവയെല്ലാം കൂടിച്ചേരുമ്പോൾ അതൊരസാധാരണ അനുഭവമായി മാറുന്നു. ചെറുകഥയുടെ ക്ലാസ്സിക്കൽ സങ്കല്പത്തിൽ നിന്ന് പ്രഭാകരൻ ഒഴിഞ്ഞുമാറുന്നില്ല. സാധാരണാനുഭവങ്ങളുടെ അസാധാരണത്വം ചെറുകഥയുടെ സ്വഭാവമാണല്ലോ. നല്ലൊരു കഥാശില്പം കൈയൊതുക്കത്തോടെ പ്രഭാകരൻ നിർവഹിക്കുകയും ചെയ്യുന്നു.

(എൻ. പി. മുഹമ്മദ്)

**(ഒരുപുറം – സ്കോർ : 8)**

11. ആസ്വാദനക്കുറിപ്പെഴുതുക.

'വീടിനോളം ചെറുതാവുന്ന ലോകത്തെപ്പറ്റിയല്ല ;

ലോകത്തോളം വലുതാവുന്ന വീടിനെപ്പറ്റിയാണ്

'വീടുകൾ' എന്ന കവിത. വീടില്ലാത്തവർക്കും ആ

കവിത വീടായിത്തീരുന്നു'.

**(പരമാവധി ഒരു പുറം – സ്കോർ : 6)**

12. ലഘുപ്രഭാഷണം തയാറാക്കുക.

ഗാത്രം വിറച്ചിതതി –
മാത്രം, കരത്തിലഥ
പാത്രം ധരിച്ചവിടെ നിന്നു ;
പരിചൊടു നടന്നു ;
പഥി കിമപി നിന്നു.
ഹരിണരിപുവരസഹിത –
ദരിയിലിഹ പോകുമൊരു
ഹരിണിയുടെ വിവശത കലർന്നു.

ഭയചകിതയായ പാഞ്ചാലിയെ നിങ്ങൾ രംഗത്തു കാണുന്നു. പുതിയ സ്ത്രീചിന്തകളുടെ വെളിച്ചത്തിൽ, പാഞ്ചാലിയ്ക്ക് ധൈര്യം പകർന്നു നൽകുന്ന ഒരു ലഘുപ്രഭാഷണം തയാറാക്കുക. **(അരപ്പുറം – സ്കോർ : 6)**

13. നിർവചനം എഴുതുക.

നിങ്ങൾ വായിച്ചിട്ടുള്ള സഞ്ചാരസാഹിത്യ കൃതികളുടെ വെളിച്ചത്തിൽ, 'സഞ്ചാരസാഹിത്യ'ത്തിന് ഒരു നിർവചനം തയാറാക്കുക. **(സ്കോർ : 2)**

---